**WORKSHEET**
**GRADE: 6 MALAYALAM**

**CHAPTER : 6**

# ശൂന്യാകാശത്തിൽ മനുഷ്യൻ

**A അർത്ഥവ്യത്യാസം എഴുതുക**

- അവന്റെ വാക്കുകൾ കേട്ടപ്പോൾ അവൾ <u>പൊട്ടിത്തെറിച്ചു</u>
- അമിട്ടുകൾ <u>പൊട്ടിത്തെറിച്ച്</u> രണ്ടുപേർ മരിച്ചു

1 അടിവരയിട്ട പദങ്ങളുടെ അർഥം വ്യക്തമാക്കുക .
അവ ഉപയോഗിച്ച് പുതിയ വാക്യങ്ങൾ ഉണ്ടാക്കുക

**B പത്ര റിപ്പോർട്ട് തയ്യാറാക്കുക**

2 യൂറി ഗഗാറിൻ ബഹിരാകാശ വാഹനത്തിൽ പ്രവേശിക്കുന്നതിന് മുൻപ് പത്രക്കാർക്ക് വേണ്ടി ഒരു അഭിമുഖം നല്കിയല്ലോ , കേരളത്തിൽ ഒരു പത്രത്തിന്റെ പ്രതിനിധിയായി നിങ്ങളും പങ്കെടുത്തുവെന്ന് കരുതുക . അന്നേ ദിവസത്തെ സംഭവങ്ങളെ വ്യക്തമാക്കി ഒരു പത്ര റിപ്പോർട്ട് തയ്യാറാക്കുക

**C കണ്ടെത്തി എഴുതുക**

3 യൂറി ഗഗാറിൻ ബഹിരാകാശത്ത് കണ്ട കാഴ്ചകൾ എന്തൊക്കെയാവും?

4 “ലോകത്തിന്റെ മുന്നിൽ തന്റെ ഭാവി ഉറപ്പിക്കുന്ന സംഗീതമാണല്ലോ അത്” എന്തുകൊണ്ടാണ് യൂറി ഗഗാറിൻ അങ്ങനെ പറഞ്ഞത് ?

**D ഡയറി എഴുതാം**

5 നിങ്ങൾ ബഹിരാകാശത്തു പോയിരുന്നു എന്ന് കരുതി കണ്ട കാഴ്ചകൾ എല്ലാം ഡയറി ആയി എഴുതുക

**E ഉത്തരം എഴുതാം**

6 ബഹിരാകാശ വാഹനത്തിൽ കയറിയ ശേഷമുള്ള യൂറി ഗഗാറിന്റെ ചിന്തകൾ എന്തെല്ലാം ആയിരുന്നിരിക്കാം ? കുറിപ്പായി എഴുതുക

7 നിങ്ങൾ പോകാൻ കൊതിക്കുന്ന ഏറ്റവും ദൂരം കൂടിയ സ്ഥലം ഏത്? എന്താണ് ആ സ്ഥലം നിങ്ങളുടെ പ്രിയപ്പെട്ടതായത്?

8 യൂറി ഗഗാറിൻ ലോകത്തോടുള്ള സമീപനം എങ്ങനെയായിരുന്നു?

**F അഭിമുഖ ചോദ്യങ്ങൾ തയ്യാറാക്കാം**

9 യൂറി ഗഗാറിനെ നിങ്ങൾ കാണാൻ ഇട വരികയും സ്കൂളിലെ കുട്ടികൾക്ക് വേണ്ടി നിങ്ങൾ ഒരു അഭിമുഖം നടത്തുകയും ചെയ്തു എങ്കിൽ എന്തൊക്കെ ചോദ്യങ്ങൾ ആവും ചോദിക്കുക ?

**G വിവരണം തയ്യാറാക്കുക**

10 യൂറി ഗഗാറിൻ ആത്മാഭിമാനത്തോടെ പറഞ്ഞ വാക്കുകൾ എന്തെല്ലാം ? വിവരണം തയ്യാറാക്കുക

**H സങ്കല്പിച്ചെഴുതുക**

11 നിങ്ങൾക്ക് ഒരിക്കലും പരിചയമില്ലാത്ത ഒരു സ്ഥലത്തേക്ക് നിങ്ങൾ പോയി എന്ന് കരുതുക . അപ്പോൾ നിങ്ങൾക്കുണ്ടാവുന്ന അനുഭവങ്ങൾ സങ്കല്പിച്ചെഴുതുക